## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5040

24.07.2015 ലെ മറുപടിയ്ക്ക്.

### പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു<br>,, എ.എം. ആരിഫ്<br>,, ആർ. രാജേഷ്<br>ഡോ. കെ.ടി.ജലീൽ | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
| (എ) | വ്യവസായമോ മറ്റ് തൊഴിലുകളോ ആരംഭിക്കുന്നതിന് പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ അനുവദിക്കാൻ പദ്ധതി രൂപീകരിച്ചിരുന്നോ; | (എ) | വ്യവസായമോ മറ്റ് തൊഴിലുകളോ ആരംഭിക്കുന്നതിന് പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. നിലവിൽ ടി പദ്ധതി നടപ്പിലാക്കുന്നില്ല.<br>എന്നാൽ പട്ടികജാതി വിഭാഗക്കാർ വ്യവസായമോ തൊഴിൽ സംരംഭമോ ആരംഭിക്കുന്നതിന് ബാങ്ക് വായ്പ സ്വീകരിക്കുന്ന പക്ഷം ബാങ്ക് വായ്പയുടെ 1/3 തുക സബ്സിഡിയായി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് |
| (ബി) | പദ്ധതി പ്രകാരം എത്ര പേർക്ക് മേൽപ്പറഞ്ഞ വിവിധ ആവശ്യങ്ങൾക്കായി വായ്പ അനുവദിച്ചെന്നും ആകെ നൽകിയ വായ്പ തുക എത്രയെന്നും അറിയിക്കുമോ; | (ബി) | പലിശരഹിത വായ്പാ പദ്ധതി പ്രകാരം 11 പേർക്ക് 7,15,400/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. സ്വയം തൊഴിൽ വായ്പയ്ക്ക് 1/3 സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം 1084 പേർക്ക് 108,83,47,629/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ ഫലമായി എത്രപേർക്ക് സ്വയം തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ? എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (സി) | പലിശ രഹിത വായ്പാ പദ്ധതിയുടേയും 1/3 സബ്സിഡി നൽകുന്ന പദ്ധതി പ്രകാരവും 1197 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ